**പതിമൂന്നാം കേരള നിയമസഭ**

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# വിഷയനിർണ്ണയ സമിതി II

**(SUBJECT COMMITTEE II)**

**ഭൂനികുതിയും ദേവസ്വവും**

**(LAND REVENUE AND DEVASWOM)**

# ‘ഭൂമികേരളം’ പദ്ധതി സംബന്ധിച്ച റിപ്പോർട്ട്

2014 ജൂൺ 17-ാം തീയതി സമർപ്പിച്ചത്

(Presented on 17th June, 2014)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2014

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

**വിഷയനിർണ്ണയ സമിതി II**

**(SUBJECT COMMITTEE II)**

**ഭൂനികുതിയും ദേവസ്വവും**

**(LAND REVENUE AND DEVASWOM)**

**'ഭൂമികേരളം' പദ്ധതി സംബന്ധിച്ച റിപ്പോർട്ട്**

2014 ജൂൺ 17-ാം തീയതി സമർപ്പിച്ചത്

(Presented on 17th June, 2014)

684/2014.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## വിഷയനിർണ്ണയ സമിതി II
## ഭൂനികുതിയും ദേവസ്വവും
## (2013-2016)

### ഘടന

ചെയർമാൻ :

ശ്രീ. അടൂർ പ്രകാശ്,
റവന്യൂവും കയറും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. വി. എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. പി. ബി. അബ്ദുൾ റസാക്
,, ബാബു എം. പാലിശ്ശേരി
,, സി. കെ. നാണു
,, എ. പ്രദീപ്കുമാർ
,, പാലോട് രവി
,, സി. കെ. സദാശിവൻ
,, വി. പി. സജീന്ദ്രൻ
,, എൻ. ഷംസുദ്ദീൻ
,, വി. എസ്. സുനിൽ കുമാർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി
,, സി. ജോസ്, ജോയിന്റ് സെക്രട്ടറി
ശ്രീമതി മഞ്ജു വർഗ്ഗീസ്, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

# അവതാരിക

ഭൂമികേരളം പദ്ധതിയുടെ പ്രവർത്തനവും പുരോഗതിയും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II (ഭൂനികുതിയും ദേവസ്വവും)-ന്റെ റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരം ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II 'ഭൂമികേരളം പദ്ധതി' സംബന്ധിച്ച് സമഗ്രമായ പഠനം നടത്തുന്നതിന് തീരുമാനിക്കുകയും റവന്യൂ, സർവ്വേ വകുപ്പ് ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തുകയും ചെയ്തിരുന്നു. പ്രസ്തുത പഠനത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാമിന്റെ (എൻ.എൽ.ആർ.എം.പി.) ഭാഗമായി റീസർവ്വേ നടപടികൾ പൂർത്തിയാക്കിയ ഹരിയാന, ഗുജറാത്ത്, ആന്ധ്രാ പ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾ സന്ദർശിക്കുന്നതിന് സമിതി തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 2013 ഡിസംബർ 1 മുതൽ 9 വരെ സമിതി പ്രസ്തുത സംസ്ഥാനങ്ങളിൽ സന്ദർശനം നടത്തുകയും അവിടത്തെ റവന്യൂ വകുപ്പുമന്ത്രി, ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ച നടത്തുകയും ചെയ്തു. ഓരോ സംസ്ഥാനത്തും സ്വീകരിച്ചിട്ടുള്ള ആധുനിക ഭൂസർവ്വേ നടപടികൾ നേരിട്ട് മനസ്സിലാക്കുന്നതിന് പ്രസ്തുത സന്ദർശനം ഉപകരിച്ചു. സമിതിയുടെ പ്രസ്തുത പഠനപരിപാടിക്കുശേഷം 11-12-2013-ന് സമിതി അവലോകനയോഗം ചേരുകയും പ്രസ്തുത യോഗത്തിൽ ഭൂമികേരളം പദ്ധതി വ്യവസ്ഥാപിതമായി ചെയ്തു തീർക്കുന്നതിന് പ്രധാനമായി ഊന്നൽ നൽകേണ്ടത് റീസർവ്വേ നടപടികളുടെ ആധുനികവത്ക്കരണത്തിലാണെന്നും ഇതരസംസ്ഥാനങ്ങൾ സ്വീകരിച്ചതുപോലെ നൂതനസാങ്കേതികവിദ്യ ഇതിനായി ഉപയോഗിക്കുകയാണെങ്കിൽ ഈ പദ്ധതി വളരെവേഗം പ്രാവർത്തികമാക്കാൻ കഴിയുമെന്നും സമിതി വിലയിരുത്തി. ആയതിനാൽ സമിതിയുടെ പഠനപര്യടനത്തിലൂടെ മനസ്സിലാക്കിയ കാര്യങ്ങൾ കേരളത്തിൽ എപ്രകാരം നടപ്പിലാക്കാം എന്നതു സംബന്ധിച്ചും റീസർവ്വേ കുറ്റമറ്റരീതിയിലും വേഗത്തിലും ചെയ്തുതീർക്കുന്നതിനും അതിന്റെ തുടർപരിപാലനം കാര്യക്ഷമമാക്കുന്നതിനുംവേണ്ട നിർദ്ദേശങ്ങളും ശിപാർശകളും ഉൾപ്പെടുത്തി ഒരു റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിന് സമിതി തീരുമാനിക്കുകയുണ്ടായി.

സമിതി തീരുമാനപ്രകാരം മേൽപ്പറഞ്ഞ യോഗങ്ങളിലെ സമിതിചർച്ചകളിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്.

2014 ഏപ്രിൽ 30-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2014 ജൂൺ 3.

അടൂർ പ്രകാശ്,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി II.*

## റിപ്പോർട്ട്

അപൂർവ്വവും അമൂല്യവുമായ പരമ്പരാഗത വിവരങ്ങൾ ഒരു രാജ്യത്തിന്റെ ഭരണപരമായ പ്രവർത്തനങ്ങൾക്കും വളർച്ചയ്ക്കും അത്യന്താപേക്ഷിതമാണ്. ഭൂവിസ്തൃതിയും ഭൂവിഭവങ്ങളും സംബന്ധിച്ച അറിവുകൾ അടിസ്ഥാനപ്പെടുത്തിയാണ് സാമൂഹിക-സാമ്പത്തിക രംഗത്തെ വിദഗ്ദ്ധർ രാജ്യത്തിന്റെ ഭാവിവികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. ഈ അറിവുകളുടെ ശരിയായ ഉപയോഗം പുതിയ വളർച്ചാമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് വിദഗ്ദ്ധരെ സഹായിക്കാറുണ്ട്.

വിവിധ വികസന പദ്ധതികൾ സൂക്ഷ്മമായി പ്രവർത്തിപഥത്തിലെത്തിക്കുന്നതിനും അവയുടെ വിജയപ്രദമായ പൂർത്തീകരണത്തിനും ആയവ ആസൂത്രണം ചെയ്യുന്നതിന് ആധാരമാക്കുന്ന വിവരങ്ങളുടെ കൃത്യത അനിവാര്യമാണ്. ഭൂമിസംബന്ധമായ തർക്കങ്ങളും കേസുകളും ധാരാളമുള്ള നമ്മുടെ രാജ്യത്ത് കൃത്യതയാർന്ന ഭൂരേഖാ റിക്കാർഡുകൾ തയ്യാറാക്കേണ്ടതും ഭാവി ആവശ്യങ്ങൾക്കായി അവ കരുതിവയ്ക്കേണ്ടതും കാലഘട്ടത്തിന്റെ ഒരാവശ്യമാണ്. സ്വകാര്യവ്യക്തികൾ തമ്മിലുള്ള ഭൂമി കൈമാറ്റം മുതൽ പദ്ധതി ആസൂത്രണത്തിനും നടത്തിപ്പിനുംവരെ ഭൂരേഖകൾ ആവശ്യമാണെന്നതിനാൽ ഭൂരേഖകൾ കൃത്യതയുള്ളവയും ആയവ സൂക്ഷ്മതയോടെ സംരക്ഷിക്കപ്പെടേണ്ടതും ആണെന്നുമാത്രമല്ല പ്രസ്തുത രേഖകൾ ആവശ്യക്കാർക്ക് വേഗതയിലും സുതാര്യമായും പ്രാപ്യമാകുന്നരീതിയിൽ സൂക്ഷിക്കപ്പെടേണ്ടതുമാണ്.

ഭൂരേഖകൾ അടിസ്ഥാനപ്പെടുത്തിയുള്ള സേവനങ്ങൾ ഫലപ്രദമായ രീതിയിൽ പൊതുജനത്തിന് ലഭ്യമാക്കുന്നതിന് ഭൂമി കൃത്യതയോടെ സർവ്വേ ചെയ്ത് അളന്നുതിട്ടപ്പെടുത്തേണ്ടതും ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്ത് കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഈ പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കുന്നതിന് കേന്ദ്രഗവൺമെന്റ് ആവിഷ്കരിച്ച പദ്ധതിയാണ് നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാം (എൻ.എൽ.ആർ.എം.പി.). രാജ്യത്തൊട്ടാകെയുള്ള ഭൂമിയുടെ റീസർവ്വേ വളരെവേഗം പൂർത്തിയാക്കുക, ഭൂരേഖ സംബന്ധിച്ച എല്ലാവിവരങ്ങളും ഡിജിറ്റൈസ് ചെയ്യുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. കേന്ദ്രപദ്ധതിയായ NLRMP-ൽ ഉൾപ്പെടുത്തി കേരളത്തിലും ഭൂരേഖകളുടെ കാലാനുസൃതമായ പുതുക്കൽ സംബന്ധിച്ച് പലവിധ പ്രവൃത്തികൾ നടന്നുവരുന്നു. 43 വർഷങ്ങൾക്കുമുമ്പ് ആരംഭിച്ചതും ഇനിയും പൂർത്തിയാകാത്തതുമായ കേരളത്തിലെ റീസർവ്വേ നടപടികൾ അതിവേഗം പൂർത്തിയാക്കുന്നതിനും ഭൂരേഖ സംബന്ധിച്ച കൃത്യതയാർന്ന ഡിജിറ്റൈസ്ഡ് ഡോക്യുമെന്റ് നിർമ്മിക്കുന്നതിനുംവേണ്ടി എൻ.എൽ.ആർ.എം.പി.യിൽ ഉൾപ്പെടുത്തി 2008-ൽ ആവിഷ്കരിച്ച പദ്ധതിയാണ് "ഭൂമികേരളം". പ്രസ്തുത പദ്ധതി ലക്ഷ്യപ്രാപ്തിയിലേക്കെത്തിക്കുന്നതിനായുള്ള എല്ലാ പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നതും ഏകോപിപ്പിക്കുന്നതും കേരള സർക്കാർ രൂപം നൽകിയിട്ടുള്ള

കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ ആണ്. ചങ്ങലയും തിയോഡോലൈറ്റും ഉപയോഗിച്ചുകൊണ്ടുള്ള പരമ്പരാഗത സർവ്വേ രീതികൾക്കുപകരം ആധുനിക ഹൈബ്രിഡ് സാങ്കേതിക വിദ്യയും ഏരിയൽ ഫോട്ടോഗ്രാമെട്രിയും നൂതന സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഭൂതല സർവ്വേയും ഒത്തുചേർത്ത് കൃത്യതയോടുകൂടിയ കമ്പ്യൂട്ടറൈസ്ഡ് ഭൂരേഖയ്ക്ക് 3 മുതൽ 5 വർഷങ്ങൾക്കുള്ളിൽ രൂപം നൽകുക എന്നതാണ് മിഷന്റെ പരമമായ ലക്ഷ്യം.

### ഭൂമികേരളം പദ്ധതിയുടെ പ്രധാനലക്ഷ്യങ്ങൾ

(എ) കേരളത്തിലെ റീസർവ്വേ നടപടികൾ മൂന്ന് വർഷത്തിനുള്ളിൽ പൂർത്തിയാക്കുക.

(ബി) പൊതുജനങ്ങളുടെ കൈവശമുള്ള ഭൂമിയുടെ കൃത്യമായ കണക്ക് രേഖപ്പെടുത്തുക.

(സി) വനാവകാശനിയമമനുസരിച്ച് ഭൂരഹിതരായ ആദിവാസികൾക്ക് വിതരണം ചെയ്യാനുള്ള 25000 ഹെക്ടർ ഭൂമി സർവ്വേ ചെയ്യുക.

(ഡി) എൻ.എൽ.ആർ.എം.പി. ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം താലൂക്കിലെ 33 വില്ലേജുകളിലെയും ഭൂമി റീസർവ്വേ ചെയ്യുക.

(ഇ) ഹാരിസൺ മലയാളത്തിന്റെ കൈവശമുള്ള ഭൂമിയുടെ സർവ്വേ നടത്തുക.

(എഫ്) റീസർവ്വേ നടപടികൾ പൂർത്തിയാക്കിയ ഭൂമി സംബന്ധിച്ച എല്ലാ രേഖകളും ഡിജിറ്റൈസ് ചെയ്യുക.

(ജി) പൊതുജനങ്ങൾക്ക് ഭൂരേഖ സംബന്ധിച്ച എല്ലാ റിക്കാർഡുകളും ഓൺലൈനായി ലഭ്യമാക്കുക.

ഭൂമികേരളം പദ്ധതിയുടെ പൂർത്തീകരണത്തിനായി വിവിധതലങ്ങളിലുള്ള പ്രവർത്തനങ്ങളാണ് കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ മുഖേന സർവ്വേ വകുപ്പിൽ നടപ്പാക്കിവരുന്നത്. പദ്ധതിപ്രവർത്തനങ്ങളുടെ വിശദവിവരം താഴെ ചേർക്കുന്നു:

**ജി.പി.എസ്. സർവ്വേ**

സംസ്ഥാനത്തിന് അപരിചിതമായിരുന്ന നൂതന സർവ്വേ സങ്കേതങ്ങളായ ഡി.ജി.പി.എസ്., ഇ.റ്റി.എസ്., സാറ്റലൈറ്റ് സർവ്വേ എന്നീ സാങ്കേതികവിദ്യകൾ സംയോജിപ്പിച്ചുകൊണ്ട് ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം എന്ന മാപ്പിംഗ് സങ്കേതത്തിൽ അധിഷ്ഠിതമായി കുറ്റമറ്റ ഒരു മാപ്പിംഗ് സമ്പ്രദായം ഈ പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു. ഏറ്റവും കൃത്യതയാർന്ന കഡാസ്ട്രൽ മാപ്പിംഗിനായി രാജ്യത്തെ പരമോന്നത മാപ്പിംഗ് ഏജൻസിയായ ജ്യോഗ്രഫിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്താൽ സംസ്ഥാനത്താകമാനം ഗ്രൗണ്ട് കൺട്രോൾ പോയിന്റുകൾ

DGPS എന്ന സാറ്റലൈറ്റ് അധിഷ്ഠിത ഉപകരണം മുഖേന സ്ഥാപിച്ചുവരുന്നു. ഇതുവരെ 3634 GCP പോയിന്റുകൾ സംസ്ഥാനത്തുടനീളം സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത കൺട്രോൾ സ്റ്റേഷനുകൾ അക്ഷാംശ/രേഖാംശ രേഖകളിൽ അധിഷ്ഠിതമായതിനാൽ കൃത്യതയാർന്ന സർവ്വേ റിക്കാർഡുകൾ നിർമ്മിക്കുവാനായി ഉപയോഗിക്കുന്നു. സർവ്വേ റിക്കാർഡുകളുടെ കൃത്യത ഉറപ്പുവരുത്തുന്നതു കൂടാതെ പ്രസ്തുത സർവ്വേയിൽ സർവ്വേക്കല്ല് ആവശ്യമില്ലാത്തിനാൽ ആയത് ഒഴിവാക്കുന്നതിലൂടെ സർക്കാരിന് കോടിക്കണക്കിനു രൂപയുടെ സാമ്പത്തികലാഭം നേടാൻ സാധിക്കും എന്നതും ഇതിന്റെ ഒരു ഗുണമേന്മയാണ്.

**ഡിജിറ്റൈസേഷൻ**

സംസ്ഥാനത്തെ റീസർവ്വേ കഴിഞ്ഞ് റവന്യൂ വകുപ്പിന് കൈമാറുന്ന ഭൂരേഖകളുടെ കമ്പ്യൂട്ടർവത്ക്കരണം GIS സോഫ്റ്റ്‌വെയറുകളുടെ സഹായത്താൽ സെൻട്രൽ ഡിജിറ്റൈസേഷൻ സെന്റർ (സി.ഡി.സി.) എന്ന തിരുവനന്തപുരത്തുള്ള നൂതന ലബോറട്ടറിയിൽ നടത്തിവരുന്നു. സർക്കാർ പദ്ധതികൾക്കായുള്ള സ്ഥലമെടുപ്പിന് സർക്കാർ ഭൂമിയുടെ സ്ഥിതിവിവരക്കണക്കുകൾ എടുക്കുന്നതിന്, ഭൂമിയുടെ ഉപഭോഗം സംബന്ധിച്ച കണക്കെടുപ്പിന്, വില്ലേജുകൾ, താലൂക്കുകൾ, ജില്ലകൾ എന്നിവയുടെ അതിരുകളുടെ യഥാർത്ഥ സ്ഥാനം കണ്ടെത്തുന്നതിന് ഇങ്ങനെ ഭൂമിയുമായി ബന്ധപ്പെട്ട ഏതൊരാവശ്യത്തിനും ഉപയോഗപ്പെടുത്താവുന്ന ഒരു വിവരശേഖരമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

**ഇ-രേഖ പദ്ധതി**

റീസർവ്വേയ്ക്കുമുമ്പ് നടത്തിയിട്ടുള്ള സർവ്വേകളുടെ എല്ലാതരം റിക്കാർഡുകളും അശാസ്ത്രീയവും സാമ്പ്രദായികവുമായ രീതികളിൽ സൂക്ഷിച്ചുവന്നിരുന്നതിനാൽ കാലപ്പഴക്കംമൂലം ഭൂരേഖകളുടെ സിംഹഭാഗവും നഷ്ടപ്പെട്ടുപോയിട്ടുണ്ട്. അമൂല്യവും പുരാരേഖകളുടെ ഗണത്തിൽ വരുന്നതുമായ പ്രസ്തുത റിക്കാർഡുകളുടെ ശാസ്ത്രീയവും കാലോചിതവുമായ സംരക്ഷണവും കമ്പ്യൂട്ടർവത്ക്കരണവും ആണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഏകദേശം 14 ലക്ഷം പേജുകൾവരുന്ന റിക്കാർഡുകൾ സംരക്ഷിച്ച് ഓൺലൈൻ സംവിധാനത്തിൽ കൊണ്ടുവരുവാൻ ഇ-രേഖ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു.

**വനാവകാശ സർവ്വേ പ്രവർത്തനങ്ങൾ**

ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിനായുള്ള വനാവകാശ പ്രവർത്തനങ്ങളിൽ വിവിധ ജില്ലകളിലായി ഇതുവരെ 18,612 ഹെക്ടർ ഭൂമി സർവ്വേ നടത്തിയിട്ടുണ്ട്. ഇതിനായി ലഭിച്ച അപേക്ഷകൾ സബ്ഡിവിഷൻ ലെവൽ കമ്മിറ്റി പരിശോധിച്ചശേഷം ജില്ലാതല കമ്മിറ്റിക്ക് നൽകുകയും അവർ പരിശോധിച്ച് അർഹതയുണ്ടെന്ന് ബോധ്യമായാൽ സർവ്വേ വകുപ്പിന് കൈമാറുകയും പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് സർവ്വേ നടത്തുകയുമാണ് ചെയ്തുവരുന്നത്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ കൂടാതെ ഭൂരഹിതർ ഇല്ലാത്ത കേരളം സർവ്വേ, ഹാരിസൺ മലയാളം സർവ്വേ, സർക്കാരിന്റെ കാലാകാലങ്ങളിൽവരുന്ന പ്രത്യേക പദ്ധതികൾക്കായുള്ള സ്ഥലമെടുപ്പിനായുള്ള സർവ്വേ എന്നിവ മിഷന്റെ പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി ചെയ്തുവരുന്നു.

സംസ്ഥാനത്ത് നടന്നുവരുന്ന റീസർവ്വേ നടപടികളുടെ പുരോഗതി, ഭൂമികേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവരുന്ന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച് സമിതി റവന്യൂ, സർവ്വേ ആന്റ് ലാന്റ് റെക്കോർഡ് എന്നീ വകുപ്പുകളിലെയും കേരള ലാന്റ് ഇൻഫർമേഷൻ മിഷനിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തുകയുണ്ടായി. ചർച്ചയിൽ കേരളത്തിൽ റീസർവ്വേയ്ക്ക് ആവശ്യമായ മനുഷ്യവിഭവശേഷി, ക്രമീകരിക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, ആധുനികരീതി അവലംബിക്കേണ്ടതിന്റെ ആവശ്യകതയും അത് പ്രാവർത്തികമാക്കുമ്പോൾ നേരിടുന്ന ബുദ്ധിമുട്ടുകൾ തുടങ്ങി ഒട്ടനവധി കാര്യങ്ങളെക്കുറിച്ച് വകുപ്പുദ്യോഗസ്ഥർ സമിതിക്ക് വിശദീകരണം നൽകി.

കേരളത്തിന്റെ ആകെ വിസ്തീർണ്ണമായ 36,863 ചതുരശ്രകിലോമീറ്ററിൽ 1,05,46 ചതുരശ്രകിലോമീറ്ററോളം വനപ്രദേശമാണ്. ആകെയുള്ള 1634 വില്ലേജുകളിൽ 864 വില്ലേജുകളുടെ റീസർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. സർവ്വേ വകുപ്പിൽ നിലവിലുള്ള 1600 സർവ്വേയർമാരിൽ പകുതിയോളം പേരെ ഡിസ്ട്രിക്ട് എസ്റ്റാബ്ളിഷ്മെന്റ് ജോലികൾക്കായോ നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ട ജോലികൾക്കായോ കാലാകാലങ്ങളിൽ സർക്കാർ നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികൾക്കായി വേണ്ടിവരുന്ന സ്ഥലമെടുപ്പിനോ നിയോഗിക്കാറുണ്ട്. അതിനാൽ റീസർവ്വേയുമായി ബന്ധപ്പെട്ട ജോലികൾക്ക് 800-ഓളം സർവ്വേയർമാരുടെ സേവനം മാത്രമാണ് നിലവിൽ ലഭിക്കുന്നത്. മൂന്നംഗങ്ങൾ വീതമുള്ള 20 ടീമുകളെ ഉപയോഗിച്ച് ഒരു വില്ലേജിന്റെ റീസർവ്വേ നടപടികൾ പൂർത്തിയാക്കാൻ ഒരുവർഷം വേണ്ടിവരുമെന്നിരിക്കെ ബാക്കിയുള്ള 770 വില്ലേജുകളുടെ റീസർവ്വേ നടപടികൾ പൂർത്തിയാക്കാൻ നീണ്ട 60 വർഷങ്ങൾ വേണ്ടിവരും. ആയതിനാൽ നിലവിലുള്ള ജീവനക്കാരെ മാത്രം ഉൾപ്പെടുത്തി ഭൂമികേരളം പദ്ധതിയിൽ വിഭാവനം ചെയ്തപ്രകാരം റീസർവ്വേ പൂർത്തിയാക്കാൻ സാധിക്കില്ല.

നിലവിൽ സർവ്വേ വകുപ്പ് മുഖേന റീസർവ്വേ ചെയ്യുന്നതിന് ജീവനക്കാരുടെ ശമ്പളമുൾപ്പെടെ 3,50,000 രൂപയാണ് സ്ക്വയർ കിലോമീറ്ററിന് ചെലവാകുന്നത്. എന്നാൽ ഈ പ്രവൃത്തി ഔട്ട്സോഴ്സ് ചെയ്ത് ഇതിന് നൈപുണ്യമുള്ള ഏജൻസികൾ മുഖേന ചെയ്യിക്കുകയാണെങ്കിൽ ചെലവ് കുറയ്ക്കാൻ സാധിക്കുമെന്ന് സർവ്വേ വകുപ്പ് ഉദ്യോഗസ്ഥർ വ്യക്തമാക്കി. ഔട്ട്സോഴ്സിംഗ് നടപ്പിലാക്കുന്നതിനു വേണ്ട ശാസ്ത്രീയ മായ മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിക്കണമെന്ന് ഉദ്യോഗസ്ഥർ അഭിപ്രായപ്പെട്ടു.

ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ മെത്തേഡ് ഉപയോഗിച്ചാണ് നിലവിൽ റീസർവ്വേ ചെയ്യുന്നത്. നിലവിലുള്ള മെഷീനുകൾ ഉപയോഗിച്ച് സർവ്വേ നടപടികൾ നിർദ്ദിഷ്ഠ കാലയളവിനുള്ളിൽ പൂർത്തിയാക്കാൻ സാധിക്കില്ല. അതിനാൽ റീസർവ്വേയ്ക്ക് ആവശ്യമായ പുതിയ മെഷീനുകൾ പുറത്തുനിന്നും ലഭ്യമാക്കേണ്ടതായി

വരും. പ്രസ്തുത മെഷീനുകൾ പ്രവർത്തിപ്പിക്കുവാൻ വിദഗ്ദ്ധരെ പുറത്തുനിന്നും ഉൾപ്പെടുത്തേണ്ടതായി വരുമെന്നതിനാൽ ഒരു ടീമിൽ വകുപ്പിലെ മൂന്ന് സർവ്വേയർമാർ എന്ന രീതിമാറ്റി ഓരോ ടീമിലും ഒരു സർവ്വേയറെ ഉൾപ്പെടുത്തുകയാണെങ്കിൽ കൂടുതൽ ടീമുകൾ രൂപീകരിക്കുവാൻ സാധിക്കും.

പൊതുജനങ്ങൾക്ക് വളരെവേഗം സേവനം ലഭ്യമാക്കുവാൻ റീസർവ്വേ കഴിഞ്ഞ ഭൂരേഖകളുടെ കമ്പ്യൂട്ടർവത്ക്കരണം അത്യാവശ്യമാണ്. ഭൂരേഖകളുടെ കമ്പ്യൂട്ടർവത്ക്കരണത്തിനായി ഡിജിറ്റൈസേഷൻ ലാബുകളും ആവശ്യമാണ്.

റീസർവ്വേയ്ക്കുമുൻപ് നടത്തിയിട്ടുള്ള സർവ്വേകളുടെ എല്ലാതരം റിക്കാർഡുകളും അശാസ്ത്രീയമായ രീതിയിലാണ് ഇതുവരെ സൂക്ഷിച്ചുവന്നിരുന്നത്. അതുകൊണ്ടു തന്നെ ഇതിന്റെ സിംഹഭാഗവും നശിച്ചുപോയിട്ടുള്ളതായി കാണുന്നു. സർവ്വേ സംബന്ധമായ ഏതൊരാവശ്യത്തിനും ഭാവിയിൽ ആശ്രയിക്കാവുന്ന ടി ഭൂരേഖകൾ ശാസ്ത്രീയമായി സംരക്ഷിക്കപ്പെടേണ്ടത് വളരെ അത്യാവശ്യമാണ്. ആയതിനാൽ ഈ ഭൂരേഖകളുടെ കാലോചിതമായ സംരക്ഷണവും കമ്പ്യൂട്ടർവത്ക്കരണവും വളരെ അത്യാവശ്യമാണ്.

സർവ്വേ വകുപ്പിൽ സ്ഥലം സർവ്വേ ചെയ്യുന്നതിനും അതിന്റെ രൂപരേഖ തയ്യാറാക്കുന്നതിനുമായി സർവ്വേയർ, ഡ്രാഫ്റ്റ്സ്മാൻ എന്നീ രണ്ട് തസ്തികകളാണ് നിലവിലുള്ളത്. പുതിയ രീതിയിലുള്ള സർവ്വേയിൽ ഫീൽഡ് സ്റ്റാഫ് ഉൾക്കൊള്ളിക്കുന്ന എല്ലാതരം ഡിജിറ്റൽ രേഖകളും എപ്പോൾ വേണമെങ്കിലും ലഭ്യമാകുമെന്നുള്ളതിനാൽ സർവ്വേ വകുപ്പിൽ മേൽപ്പറഞ്ഞ രീതിയിലുള്ള രണ്ട് വ്യത്യസ്തമായിട്ടുള്ള തസ്തികകളുടെ സേവനം ആവശ്യമായിവരുന്നില്ല. കൂടാതെ ആധുനികരീതിയിലുള്ള സർവ്വേ ചെയ്യുന്നതിനായി ഒരേതരം ട്രെയിനിംഗ് ആണ് വകുപ്പിൽനിന്നും ഈ രണ്ട് തസ്തികകളിലെയും ജീവനക്കാർക്ക് ലഭിക്കുന്നതെന്ന് ഉദ്യോഗസ്ഥർ വ്യക്തമാക്കി.

ഭൂമി റീസർവ്വേ സംബന്ധിച്ച് വകുപ്പുദ്യോഗസ്ഥർ നൽകിയ വിവരങ്ങൾ സമിതി വിലയിരുത്തുകയുണ്ടായി. രാജ്യത്ത് പല സംസ്ഥാനങ്ങളിലും ഇതിനോടകംതന്നെ റീസർവ്വേ നടപടികൾ വിജയപ്രദമായി പൂർത്തീകരിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കി. കേന്ദ്ര ഫണ്ടുപയോഗിച്ച് റീസർവ്വേ പ്രവർത്തനങ്ങൾ നടത്തുകയും സർവ്വേ നടപടികൾ ഔട്ട്സോഴ്സ് ചെയ്ത് ആയവ സമയബന്ധിതമായി പൂർത്തിയാക്കിയ ചില സംസ്ഥാനങ്ങളിൽ പഠനപര്യടനം നടത്തി സർവ്വേ നടപടികൾ നേരിൽക്കണ്ട് മനസ്സിലാക്കുന്നതിനും സർവ്വേ പ്രവർത്തനങ്ങൾക്കായി ക്രമീകരിച്ച അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് ഉദ്യോഗസ്ഥരുമായി സംവദിക്കുന്നതിനും സമിതി തീരുമാനിച്ചു. പ്രസ്തുത തീരുമാനപ്രകാരം സമിതി 2013 ഡിസംബർ 1 മുതൽ 9 വരെയുള്ള കാലയളവിൽ കർണ്ണാടക, ആന്ധ്രാ പ്രദേശ്, ഗുജറാത്ത്, ഹരിയാന എന്നീ നാല് സംസ്ഥാനങ്ങളിൽ പഠനപര്യടനം നടത്തുകയുണ്ടായി. പ്രസ്തുത പഠനപര്യടനവേളയിൽ ഓരോ സംസ്ഥാനത്തും റീസർവ്വേയ്ക്കായി അവലംബിച്ച രീതികളും ആയത് പൂർത്തീകരിക്കുന്നതിന് ഏറ്റെടുത്ത് നടപ്പാക്കിയ പ്രവർത്തികളും സമിതി നേരിട്ടു കണ്ട് മനസ്സിലാക്കുകയുണ്ടായി.

## സമിതി പഠന പര്യടനാർത്ഥം സന്ദർശിച്ച സംസ്ഥാനങ്ങളിൽ നടപ്പാക്കിയ ആധുനിക സർവ്വേ രീതി

**കർണ്ണാടക**

കർണ്ണാടക സംസ്ഥാനത്തിൽ നടപ്പിലാക്കിയ 'ഭൂമി കർണ്ണാടക' പദ്ധതിയിൽ ഭൂമിയുടെ ക്രയവിക്രയം നടത്തുന്നതിന് പ്രീമ്യൂട്ടേഷൻ സ്കെച്ച് (പി.എം.എസ്.) നിർബന്ധമാണ്. ഏതെങ്കിലും ഒരു നിശ്ചിത ഭൂമിയുടെ രജിസ്ട്രേഷൻ നടത്തുന്നതിനു മുൻപായി വകുപ്പ് ചുമതലപ്പെടുത്തുന്ന ലൈസൻസ്ഡ് സർവ്വേയർ സ്ഥലത്തിന്റെ പി.എം.എസ്. സ്ഥലം വാങ്ങുന്നയാളിന്റെയും വില്പനക്കാരന്റെയും അറിവോടുകൂടി തയ്യാറാക്കേണ്ടതും അതിന് അംഗീകാരം വാങ്ങേണ്ടതുമായതിനാൽ ഭൂമി ക്രയവിക്രയത്തിൽ യാതൊരു തർക്കവും ഉണ്ടാകുന്നില്ല. ഇത് ഭൂമിയുടെ യഥാർത്ഥ രൂപരേഖ നൽകുകയും പ്രസ്തുത രൂപരേഖ രജിസ്ട്രേഷൻ വകുപ്പിന് ഓൺലൈനായി കൈമാറുകയും ചെയ്യുന്നു. രജിസ്ട്രേഷൻ വകുപ്പ് ഇത് പരിശോധിച്ച് രജിസ്ട്രേഷൻ പൂർത്തിയാക്കിയ തിനു ശേഷം ഓൺലൈനായി റവന്യൂ വകുപ്പിന് തുടർനടപടികൾക്കായി അയയ്ക്കുന്നു. സർവ്വേ, രജിസ്ട്രേഷൻ, റവന്യൂ എന്നീ വകുപ്പുകൾ തമ്മിൽ ഓൺലൈനായി ബന്ധിപ്പിച്ചിരിക്കുന്നു. കൂടാതെ ഇതിനുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ അതിന്റെ അവസാനഘട്ടംവരെ നിയന്ത്രിക്കുന്നത് ഒരു കമ്പ്യൂട്ടർവൽക്കൃത വ്യവസ്ഥയായതിനാൽ കൃത്യതയോടുകൂടിയുള്ള ലാന്റ് റെക്കോർഡ്സ് ലഭിക്കുന്നതുമാണ്.

1800 സർക്കാർ സർവ്വേയർമാർക്ക് പുറമെ 2500 ലൈസൻസ്ഡ് സർവ്വേയർമാർ സംസ്ഥാനവ്യാപകമായി ഈ പ്രോജക്ടിന് വേണ്ടി സേവനമനുഷ്ഠിക്കുന്നുണ്ട്. പ്രോജക്ടിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് രൂപീകരിക്കുന്നതും അതിന്റെതന്നെ പ്രവർത്തനങ്ങളിൽനിന്നാണ്. ഒരു അപേക്ഷയ്ക്ക് 1,500 രൂപ യൂസർ ഫീസായി വാങ്ങുന്നതിൽനിന്നും ലൈസൻസ്ഡ് സർവ്വേയർമാർക്ക് 1,200 രൂപ വേതനമായി നൽകുകയും ബാക്കിത്തുക കോർപ്പസ് ഫണ്ടായി സ്വരൂപിച്ച് അനുബന്ധ പ്രവർത്തന ങ്ങൾക്കായി വിനിയോഗിക്കുകയുമാണ് ചെയ്യുന്നത്.

**ആന്ധ്രാ പ്രദേശ്**

ആന്ധ്രാപ്രദേശിൽ ലൈസൻസ്ഡ് സർവ്വേയർ സിസ്റ്റത്തിലൂടെ റീസർവ്വേ ഔട്ട്സോഴ്സ് ചെയ്യപ്പെട്ടിട്ടുണ്ട്. റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള രീതിയാണ് നിലവിലുള്ളത്.

**ഗുജറാത്ത്**

കർണ്ണാടകയിൽ നടപ്പിലാക്കിയ പദ്ധതിയുടെ മറ്റൊരു പതിപ്പാണ് ഗുജറാത്തിൽ നടപ്പിലാക്കിയിരിക്കുന്നത്. ഇതുമൂലം സർക്കാർഭൂമി ഒരിക്കൽപ്പോലും അന്യാധീനപ്പെട്ടു പോകുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നില്ല. ഗുജറാത്തിൽ ആകെ 33 ജില്ലകളുടെ റീസർവ്വേയാണ് ഔട്ട്സോഴ്സിംഗ് ചെയ്തിരിക്കുന്നത്. ഇത് 2015-ഓടെ പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് വിലയിരുത്തുന്നത്. ലാന്റ് റെക്കോഡുകളെല്ലാം ഒരു ഓഫീസിൽത്തന്നെ അപ്ഡേറ്റ് ചെയ്യാൻ സാധിക്കുന്നുവെന്നതാണ് ഈ പദ്ധതിയുടെ ഒരു സവിശേഷത.

**ഹരിയാന**

ഏരിയൽ ഫോട്ടോമെട്രിക് സാറ്റലൈറ്റ് സർവ്വേയാണ് ഹരിയാനയിൽ നടപ്പിലാക്കിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളും ഉദ്യോഗസ്ഥരും തമ്മിൽ പരസ്പരബന്ധമുള്ളതിനാൽ ഉപഭോക്താവിന് ഭൂമി രജിസ്ട്രേഷനായി മറ്റൊരു ഓഫീസിലേക്ക് പോകേണ്ടിവരുന്നില്ല. ലൈസൻസ്ഡ് സർവ്വേയർമാരെ ഉൾപ്പെടുത്തി റീസർവ്വേ ഔട്ട്സോഴ്സ് ചെയ്തിരിക്കുന്നു.

ഇതര സംസ്ഥാനങ്ങളിലൂടെയുള്ള പഠനപര്യടനം കഴിഞ്ഞ് തിരിച്ചെത്തിയ സമിതി വിവിധ സംസ്ഥാനങ്ങളിൽ സർവ്വേക്കായി സ്വീകരിച്ച നടപടികളും ആയതിന്റെ പുരോഗതിയും സംസ്ഥാനത്തേതുമായി താരതമ്യം ചെയ്ത് ഇപ്രകാരം വിലയിരുത്തുകയുണ്ടായി. റീസർവ്വേ നടപടികൾ നിലവിലുള്ള ജീവനക്കാരെക്കൊണ്ടുമാത്രം പൂർത്തീകരിക്കുവാൻ സാധിക്കുകയില്ല. സർവ്വേ ചെയ്യുവാൻ ലൈസൻസുള്ള ജീവനക്കാരുടെ അഭാവം പോരായ്മയായി തുടരുന്നു. പരമ്പരാഗതരീതിയിലുള്ള സർവ്വേ രീതികൾ അവലംബിച്ചുകൊണ്ട് റീസർവ്വേ നടപടികൾ മുന്നോട്ടുകൊണ്ടുപോകുവാൻ കഴിയുകയില്ല. ആയതിന് നൂതന ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള സർവ്വേരീതികൾ നടപ്പിലാക്കേണ്ടതുണ്ട്. കൂടാതെ സർവ്വേ നടത്തിപ്പിൽ പ്രാവീണ്യമുള്ള മറ്റ് ഏജൻസികളെക്കൂടി ഉൾപ്പെടുത്തിയാൽ മാത്രമേ റീസർവ്വേ സമയബന്ധിതമായും ലാഭകരമായും പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ. ഇപ്രകാരം മറ്റ് ഏജൻസികളെക്കൂടി ഉൾപ്പെടുത്തി സർവ്വേ പ്രവൃത്തികൾ ചെയ്യുമ്പോൾ നിലവിലുള്ള ജീവനക്കാരുടെ സേവനംകൂടി ഉപയോഗപ്പെടുത്തേണ്ടതാണ്.

"ഭൂമികേരളം പദ്ധതി" നടപ്പാക്കുന്നതിന് റീസർവ്വേ നടപടികൾ കുറ്റമറ്റതും സമയബന്ധിതവുമായി ചെയ്തുതീർക്കേണ്ടതുണ്ട്. ആയത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സമിതി താഴെപ്പറയുന്ന കാര്യങ്ങൾ ശിപാർശ ചെയ്യുന്നു.

## ശിപാർശകൾ

(1) സംസ്ഥാനത്ത് റീസർവ്വേ നടപടികൾ 3 വർഷത്തിനകം പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(2) സർവ്വേ വകുപ്പിൽ നിലവിലുള്ള ജീവനക്കാരെ മാത്രം ഉപയോഗിച്ച് റീസർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിന് നീണ്ട 60 വർഷം വേണ്ടിവരും. അതിനാൽ റീസർവ്വേ നടപടികൾക്കായി ലൈസൻസ്ഡ് സർവ്വേയർമാരുടെ സേവനംകൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(3) നിലവിലുള്ള മെഷീനുകൾകൊണ്ട് നിശ്ചിതകാലാവധിക്കുള്ളിൽ ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ രീതികൾ അനുസരിച്ചുള്ള സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിന് സാധിക്കില്ല. നൂതനസാങ്കേതികവിദ്യ ഉപയോഗിച്ച് സർവ്വേ പൂർത്തീകരിക്കുന്നതിന് പുതിയ മെഷീനുകളും അത് പ്രവർത്തിപ്പിക്കുന്നതിനായുള്ള വിദഗ്ദ്ധരുടെ സേവനവും പുറമേനിന്ന് ഉൾപ്പെടുത്തേണ്ടിവരികയാണെങ്കിൽ, സർവ്വേ വകുപ്പിലെ മൂന്ന് സർവ്വേയർമാർ ഉൾപ്പെടുന്ന ഒരു ടീം എന്ന നിലവിലെ രീതിമാറ്റി ഒരു സർവ്വേയറുടെ മേൽനോട്ടത്തിൽ ഒരു ടീം എന്ന നിലയ്ക്ക് കൂടുതൽ ടീമുകൾ രൂപീകരിച്ച് സർവ്വേ നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(4) റീസർവ്വേ നടപടികൾ വകുപ്പിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് സർവ്വേ നടത്തിപ്പിൽ പ്രാവീണ്യമുള്ള മറ്റ് ഏജൻസികളെ സർവ്വേ നടപടികൾ ഏൽപ്പിക്കുന്ന കാര്യം ആലോചിക്കാവുന്ന താണെന്നും ഇക്കാര്യത്തിൽ വകുപ്പിൽനിന്നും ശാസ്ത്രീയമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(5) റീസർവ്വേ മുഖേന ലഭിക്കുന്ന രൂപരേഖകളും വിവരങ്ങളും പരിശോധിച്ച് അംഗീകരിക്കുന്നതിനും സർക്കാർ ഭൂമി റീഫിക്സിംഗ് സർവ്വേ ചെയ്യുന്നതിനും വകുപ്പിൽനിന്നുള്ള സർവ്വേയർമാരെ ഓരോ വില്ലേജുകളിലും നിയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(6) റീസർവ്വേ നടപടികൾ പൂർത്തിയായിക്കഴിഞ്ഞാൽ സർവ്വേ വകുപ്പിൽ അധികമുള്ള ജീവനക്കാരെ ഡെപ്യൂട്ടി ഡയറക്ടറുടെ മേൽനോട്ടത്തിൽ ജില്ലാ സർവ്വേ ടീമിലേക്കും സർവ്വേ സൂപ്രണ്ടിന്റെ കീഴിലുള്ള താലൂക്ക് സർവ്വേ ടീമിലേക്കും നിയമിക്കുകയാണെങ്കിൽ അധികജീവനക്കാരുടെ ജോലി നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ സാധിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. സ്ഥലമേറ്റെടുക്കൽ, സ്പെഷ്യൽ സർവ്വേ പ്രോജക്ടുകൾ, അദാലത്ത് ജോലികൾ എന്നിവ അധികജീവനക്കാരുടെ സഹായത്താൽ താഴെത്തട്ടിൽത്തന്നെ ചെയ്തുതീർക്കുകയാണെങ്കിൽ റീസർവ്വേ സംബന്ധിച്ച പരാതികൾ പരമാവധി കുറയ്ക്കുന്നതിനും ഭൂരേഖകൾ അപ്പപ്പോൾ പുതുക്കുന്നതിനും സാധിക്കുന്നതാണ്. ആയതിനാൽ റീസർവ്വേ നടപടികളുടെ പുരോഗതിക്കായി ഡെപ്യൂട്ടി ഡയറക്ടറുടെ മേൽനോട്ടത്തിൽ ജില്ലാ സർവ്വേ ടീമും സർവ്വേ സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ താലൂക്ക് സർവ്വേ ടീമും രൂപീകരിക്കണമെന്നും വകുപ്പിൽ അധികമുള്ള ജീവനക്കാരെ പ്രസ്തുത ടീമുകളിലേക്ക് അനുബന്ധ ജോലികൾക്കായി നിയോഗിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(7) റീസർവ്വേ കഴിഞ്ഞ ഭൂരേഖകളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി 14 ജില്ല കളിലും ഡിജിറ്റൈസേഷൻ ലാബുകൾ സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(8) റീസർവ്വേക്ക് മുമ്പ് നടത്തിയിട്ടുള്ള സർവ്വേ റെക്കോർഡുകളുടെ ശാസ്ത്രീയസംരക്ഷണവും കമ്പ്യൂട്ടർവൽക്കരണവും അത്യാവശ്യമാണ്. അതിനാൽ, ഇ-രേഖ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(9) എല്ലാ വസ്തു ക്രയവിക്രയത്തിലും പ്രീമ്യൂട്ടേഷൻ സ്കെച്ച് നിർബന്ധമാക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(10) പ്രീമ്യൂട്ടേഷൻ സ്കെച്ചിൽ സർവ്വേ, റവന്യൂ, രജിസ്ട്രേഷൻ എന്നീ മൂന്നു വകുപ്പുകൾക്കും തുല്യപ്രാധാന്യമാണുള്ളത്. ഏതൊരു ഭൂമിയുടെയും വാങ്ങലോ, വില്പനയോ നടക്കുമ്പോൾ സർവ്വേ വകുപ്പ് പ്രീമ്യൂട്ടേഷൻ സ്കെച്ച് തയ്യാറാക്കുന്ന തിനാൽ രജിസ്ട്രേഷൻ വകുപ്പിന് അപ്പോൾത്തന്നെ രേഖകൾ ഓൺലൈനായി

പരിശോധിക്കുന്നതിന് സാധിക്കുന്നു. തുടർന്ന് റവന്യൂ വകുപ്പിലും ഇതേ പരിവർത്തന പ്രക്രിയ നടക്കുന്നതിനാൽ ഭൂമി സംബന്ധമായ എല്ലാ വിവരങ്ങളും പുതുക്കുന്നതിന് കഴിയുന്നു. ഭൂമിസംബന്ധമായ വിവരങ്ങൾ അപ്ഡേറ്റഡ് ആക്കുന്നതിന് രജിസ്ട്രേഷൻ, റവന്യൂ, സർവ്വേ എന്നീ വകുപ്പുകളുടെ ഏകോപനം നടക്കേണ്ടത് അത്യന്താപേക്ഷിത മായതിനാൽ അതിനുള്ള നടപടികൾ ഉടൻ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(11) സർവ്വേ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകൾ തമ്മിൽ ഏകോപിപ്പിക്കുമ്പോൾ ഉടലെടുത്തേക്കാവുന്ന സാങ്കേതിക പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി മൂന്ന് വകുപ്പുകൾക്കും സ്വീകാര്യമായ ഒരു ഏകീകൃത സോഫ്റ്റ്‌വെയർ സൃഷ്ടിച്ചെടുക്കുന്ന തിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(12) എല്ലാ ഭൂമി ഇടപാടുകളിലും പ്രീമ്യൂട്ടേഷൻ സ്കെച്ച് നിർബന്ധിതമാക്കുക യാണെങ്കിൽ പ്രസ്തുത ജോലിക്കായി ധാരാളം ലൈസൻസ്ഡ് സർവ്വേയർമാരുടെ സേവനം ആവശ്യമായിവരും. നിലവിൽ സർവ്വേ ആന്റ് ലാന്റ് റിക്കാർഡ്സ് വകുപ്പിനു കീഴിലുള്ള 5 സർവ്വേ സ്കൂളുകളിലാണ് ഇതിൽ പരിശീലനവും സർട്ടിഫിക്കറ്റും നൽകുന്നത്. ഈ സ്കൂളുകളുടെ നിലവാരം ഒന്നുകൂടി മെച്ചപ്പെടുത്തുക യാണെങ്കിൽ കൂടുതൽപേർക്ക് ഇതു സംബന്ധിച്ച ട്രെയിനിംഗ് നൽകുന്നതിന് സാധിക്കുന്നതാണ്. ആയതിനാൽ സർവ്വേ സ്കൂളുകളെ കേരള മോഡേൺ സർവ്വേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകളായി ഉയർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(13) ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിനായുള്ള വനാവകാശനിയമപ്രകാരം വിവിധ ജില്ലകളിലായി ഇതുവരെ 18612 ഹെക്ടർ സർവ്വേ നടത്തിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് കൈമാറേണ്ട ഭൂമി അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് എത്രയുംവേഗം കൈമാറണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(14) ഭൂമികേരളം പദ്ധതിയുടെ മറ്റൊരു ലക്ഷ്യമായ ഹാരിസൺ മലയാളത്തിന്റെ കൈവശമുള്ള ഭൂമിയുടെ സർവ്വേ, അടിയന്തിരമായി പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2014 ഏപ്രിൽ 30.

**അടൂർ പ്രകാശ്,**
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി II.*